# ഗവ.യു.പി സ്കൂൾ നല്ലൂർനാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൻറെ ഭാഗമായി കേരളത്തിലുടനീളം വിദ്യാഭ്യാസരംഗത്ത് പുതിയ ചുവടുവെയ്പുകൾ ഉണ്ടായികൊണ്ടിരിക്കുകയാണല്ലോ . ഓരാ വിദ്യാലയത്തിന്റെയും സമഗ്രവികസനത്തിനാവശ്യമായ വിഭവങ്ങൾ നൽകാൻ പൊതു സമൂഹം പൂർണ്ണ മനസ്സോടെ നമ്മോടൊപ്പം നിൽക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ ഭാതിക വളർച്ചയോടൊപ്പം അക്കാദമിക മികവും അനിവാര്യതയായി നാം കണക്കാക്കേണ്ടതുണ്ട്. മികച്ച അക്കാദമിക പദ്ധതികൾ ഭൗതിക വികസനത്തിൻ്റെ ചൂണ്ടു പലകകൾ ആകുമെന്നതിൽ സംശയമില്ല. അത്തരത്തിൽ വിദ്യാലയം തന്നെ ഒരു പാഠപുസ്തകമായി മാറാനുള്ള ചുറ്റുപാട് പ്രാദേശികമായി നാം കൈവരിക്കേണ്ടതുണ്ട്.

നമ്മുടെ നാട്ടിലെ ഭൂരിപക്ഷം കുടുംബങ്ങളും വിദ്യാഭ്യാസത്തിനായി പൊതു വിദ്യാലയങ്ങളെ ആശ്രയിക്കുന്നു. ഇക്കാലയളവിൽ പൊതു വിദ്യാലയങ്ങളെ തേടിയെത്തുന്നവരുടെ എണ്ണം ഗണ്യമായി വർധിച്ചിട്ടുമുണ്ട്. പൊതു വിദ്യാലയങ്ങളിലൂടെ ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണത സംബന്ധിച്ച് തർക്കമില്ലെങ്കിലും അത് എല്ലാവരിലേക്കും എത്തുന്നുണ്ടോ എന്ന വസ്തുത വിശകലനം ചെയ്യപ്പെടേണ്ടതാണ്.

ഇതിന് പരിഹാരം തുല്യതയിലൂന്നിയ ഗുണമേന്മാ വിദ്യാഭ്യാസമാണ്. ഇതിനു വേണ്ടി സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിച്ചു കൊണ്ട് നാട്ടിൽ ലഭ്യമാകുന്ന ചുറ്റുപാടുകളെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് ലഭ്യമാക്കുകയും കുട്ടിയുടെ സർവതോന്മുഖമായ വികാസത്തിനു വേണ്ടി പഠനാന്തരീക്ഷം ഒരുക്കി എടുക്കുകയും ചെയ്യണം

ഈ പ്രക്രിയയുടെ ഭാഗമായി ഈ വർഷം നമ്മുടെ വിദ്യാലയത്തിലും വിവിധ അക്കാദമിക പദ്ധതികൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്" ഭാഷാ, വ്യത്യസ്ത വിഷയങ്ങൾ കലാ കായിക പ്രവർത്തി പരിചയ മേഖലകൾ എന്നിവയുടെ പോഷണത്തിനും അവ വിദ്യാർത്ഥികൾക്കിടയിൽ തുല്യതയോടെ പങ്കുവക്കുന്നതിനും അക്കാദമിക പദ്ധതി ശ്രദ്ധിച്ചിട്ടുണ്ട്. ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികളെയും പാർശ്വവത് കരിക്കപ്പെട്ടവരെയും സമഞ്ജസമായി ഉൾകൊള്ളുന്ന വിധത്തിലാക്കാൻ ഈ അക്കാദമിക പദ്ധതിക്ക് കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഓരോതലങ്ങളിലും വിദ്യാർത്ഥികൾ ആർജിക്കുന്ന അറിവും നൈപുണിയും കൃത്യമായി നിർവഹിക്കുകയും അവ യഥാസമയം നേടി

എന്നുറപ്പു വരുത്തുന്ന രീതിയിലാണ് ഈ പ്ലാൻ രൂപീകരിച്ചിട്ടുള്ളത്. നിശ്ചിത ഇടവേളകളിൽ ഇത് പരിശോധിച്ച് ബോധ്യപ്പെടാനുള്ള പഠനനിലവാര പരിശോധനയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ഘട്ടത്തിലും ഈ ശേഷികൾ ഫലപ്രദമായി നേടിയിട്ടുണ്ടോ എന്നു വിലയിരുത്തി കുറവുണ്ടെങ്കിൽ പരിഹാര-പഠന-ബോധന പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

# ദർശനം

കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്ത രീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു."

# ലക്ഷ്യങ്ങൾ

ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുന്നു, വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക,പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്ത മാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# ചരിത്രം

1969 ൽ നല്ലൂർനാട് എഡ്യുക്കേഷണൽ സൊസൈറ്റി സ്ഥാപിച്ച നല്ലൂർനാട് യുപിസ്കൂൾ ആണ് 1992 സർക്കാർ ഏറ്റെടുത്തു ഗവൺമെൻറ് യുപിസ്കൂൾ നല്ലൂർനാട് ആയി മാറിയത് .

മേൽപ്പറഞ്ഞ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ രൂപീകരണത്തിന് പിന്നിൽ ഒരു പോരാട്ടത്തിന് ചരിത്രമുണ്ട് ഇടവക പഞ്ചായത്തിൽ നല്ലൂർനാട് വില്ലേജിലെ പുലിക്കാട് ദേശത്ത് ദ്വാരക എസ്റ്റേറ്റ് ഉടമയും അന്നത്തെ വില്ലേജ് അധികാരിയും പൗരപ്രമുഖനും ആയിരുന്ന ശ്രീ സി കെ നാരായണൻ നായരുടെ ഉടമസ്ഥതയിലായിരുന്നു ദ്വാരക എ യുപിസ്കൂൾ. വിദ്യാലയം നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ട് നേരിട്ടപ്പോൾ ഇന്നത്തെ മാനേജ്മെൻറ് വിൽക്കാൻ തീരുമാനിച്ചു പക്ഷേ നിലവിലുള്ള അധ്യാപകരെ നിലനിർത്തി വിദ്യാലയം ഏറ്റെടുക്കാൻ പുതിയ മാനേജ്മെൻറ് വിസമ്മതിച്ചു തുടർന്ന് പുറത്താക്കപ്പെട്ട അധ്യാപകർ ശ്രീ കെ ഗോപാലപിള്ള മാസ്റ്ററുടെ നേതൃത്വത്തിൽ നാട്ടുകാരുടെ പൂർണ്ണ പിന്തുണയോടെ ദ്വാരകയിൽ കമ്പ ബിൽഡിങ്ങിൽ അന്ന് വിദ്യാലയത്തിൽ ഉണ്ടായിരുന്ന മുഴുവൻ കുട്ടികളുടെയും ടി സിയോടെ പുതിയ വിദ്യാലയം സ്ഥാപിച്ചു തുടർന്നുള്ള നിയമ പോരാട്ടത്തിനിടയിൽ ഇന്നത്തെ SH,HSS ദ്വാരക സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് താൽക്കാലിക ഷെഡ് കെട്ടി (നല്ലൂർനാട് എജുക്കേഷണൽ സൊസൈറ്റിയുടെയും ഉടമസ്ഥതയിൽ) പ്രവർത്തനം മാറ്റി .എന്നാൽ അടുത്തടുത്തു രണ്ട് യുപി സ്കൂൾ പ്രവർത്തിക്കുന്നതിന് നിയമപരമായ സാധ്യത ചൂണ്ടിക്കാട്ടി ദ്വാരക എയുപി സ്കൂൾ മാനേജ്മെൻറ് കോടതിയിൽനിന്ന് അനുകൂല ഉത്തരവ് സമ്പാദിച്ചപ്പോൾ പോരാട്ടവീര്യം അധികരിച്ച് നെല്ലനാട് എഡ്യുക്കേഷണൽ സൊസൈറ്റി നാട്ടുകാരുടെ സജീവ പിന്തുണയോടെ അന്നത്തെ അവിഭക്ത കണ്ണൂർ ജില്ലാ കലക്ടർ ആയിരുന്ന ശ്രീ യേശുദാസ് ഐഎഎസ് ന് നൽകിയ നിവേദനത്തിന് അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ടതാണ് ഇന്ന് കാപ്പുംക്കുന്ന് പ്രദേശത്ത് നിലവിൽ വിദ്യാലയം പ്രവർത്തിക്കുന്ന ഒന്നര ഏക്കർ സ്ഥലം. സ്ഥലം അനുവദിക്കപ്പെട്ട ഉടനെ യുദ്ധകാലാടിസ്ഥാനത്തിൽ ശ്രീ കെ എസ് രാമകൃഷ്ണ അയ്യർ പ്രസിഡൻറ് ആയ എഡ്യൂക്കേഷൻ സൊസൈറ്റി യുടെ നേതൃത്വത്തിൽ ഉദാരമതികളുടെയും അഭ്യുദയകാംക്ഷികളുടെയും നാട്ടുകാരുടെയും സഹായത്തോടെ താൽക്കാലിക ഷെഡ് നിർമിച്ച് പ്രവർത്തനമാരംഭിച്ചു. ഓല ഷെഡ്ഡിൽ ഏതാണ്ട് രണ്ട് ദശകങ്ങളിൽ അധികം പ്രവർത്തിച്ചതിന് ശേഷം കെട്ടിടം ആവാനുള്ള തുക പോലും കണ്ടെത്താനാകാതെ അധ്യാപകരും സൊസൈറ്റി അധികൃതരും ബുദ്ധിമുട്ടി അപ്പോൾ അവർ സർക്കാറിലേക്ക് ഉടമസ്ഥത കൈമാറിയ ശ്രമിച്ചു.അന്ന് നിലവിലുണ്ടായിരുന്ന ജീവനക്കാർ അവരുടെ സർവീസ് സഹകരണ ബാങ്കിൽ നിന്നും വ്യക്തിഗത വായ്പ തരപ്പെടുത്തിയും മറ്റും ആണ് കെട്ടി നിർമ്മാണം നടത്തിയിരുന്നത്. സർക്കാറിലേക്ക് വിട്ടുനൽകാൻ പതിനായിരം രൂപ കെട്ടിവെക്കണം എന്ന നിർദ്ദേശവും അനുസരിക്കാൻ ഏറെ പണിപ്പെടേണ് ജാലങ്ങളോടും സ്നേഹവും ആദരവും കരുതലും പുലർത്തുന്ന സുസ്ഥിര വികസന കാഴ്ചപ്പാടുള്ള വിദ്യാർത്ഥികൾ ആക്കി മാറ്റുക.

# പൊതുലക്ഷ്യങ്ങൾ

*അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

. *1 മുതൽ 7വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിതനിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹികമൂല്യങ്ങൾ വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

*1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തുക.

*എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

*കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണയഥാസമയം നൽകുക. അതോടൊപ്പം കോർ വിഷയങ്ങളിലും കുട്ടികൾ മുന്നേറുന്നു എന്ന് ഉറപ്പുവരുത്തുക. വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണാത്മക പ്രവർത്തനങ്ങൾ (ഉദാ: ഗണിതപഠനത്തിന് മഞ്ചാടി) നടക്കുന്ന വിദ്യാലയങ്ങളിൽ അവ കാര്യക്ഷമമായി നടപ്പാക്കുക.

*മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദിഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

*ആരോഗ്യകരമായ സ്ത്രീ-പുരുഷബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ രൂപപ്പെടുത്തുക.

*ലിംഗപദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.

*സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

*ദിനാചരണങ്ങൾ യാന്ത്രികമാകാതെ ആസൂത്രണം ചെയ്ത് നടപ്പാക്കുക. അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ-പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ്സിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി സ്കൂൾ ക്യാമ്പസ് ജൈവവൈവിധ്യ ഉദ്യാനമാക്കിമാറ്റുക.

*പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

*പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുപ്പെടെ ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക

*സമഗ്ര പഠനപുരോഗതി രേഖതയ്യാറാക്കി ഓരോ കുട്ടിയും മികവിൻ്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.

*മൂല്യനിർണ്ണയരീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്ക്കരിക്കുക.

. *സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും കൂട്ടായും വ്യക്തിഗതമായും വിലയിരുത്തുന്ന രീതി അവലംബിക്കുക.

*തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഭാഗമാക്കിമാറ്റുക. നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണ്ണയവും കുട്ടികളുടെ അതത് സമയങ്ങളിലെ പഠനനില കണ്ടെത്താനും പുനരനുഭവം ഒരുക്കാനും സഹായകമാകും വിധമാണ് എന്ന് ഉറപ്പാക്കുക.

. *മൂല്യനിർണ്ണയത്തിന്റെ തുടർച്ചയായി കുട്ടികളുടെ പെർഫോമൻസ് കൃത്യമായി വിലയിരുത്തുകയും ആവശ്യമായ പഠനപിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ എഴുത്തുപരീക്ഷയിൽ എല്ലാ ക്ലാസിലും കുട്ടികൾ മുപ്പത് ശതമാനത്തിൽ കൂടുതൽ സ്കോർ ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളുടെ സ്കോർ മുപ്പത് ശതമാനമാക്കി നിജപ്പെടുത്തുക എന്നതല്ല വിഭാവനം

ചെയ്യുന്നത്. എല്ലാ കുട്ടികളും അവരുടെ ശേഷിക്കനുസരിച്ച് ഏറ്റവും ഉയർന്ന സ്കോർ നേടുന്നു എന്നുറപ്പാക്കാനാണ് ലക്ഷ്യമിടേണ്ടത്.

മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തുപരീക്ഷ എന്നതിനപ്പുറത്തേക്ക് വികസിക്കേണ്ടതുണ്ട്. എൽ.പി, യു.പി ക്ലാസ്സുകളിൽ കുട്ടികളുടെ വായന ആലാപനം, എഴുത്ത്, സർഗ്ഗരചന എന്നിങ്ങനെ വ്യത്യസ്തങ്ങളായ കഴിവുകൾ വിലയിരുത്തുക.

# അക്കാദമിക നേട്ടങ്ങൾ

ഓരോകുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കുവാൻ ആവശ്യമായ അവസരങ്ങൾ ഒരുക്കുന്നു

കുട്ടിക്ക് മികവാർന്ന പഠന സാഹചര്യങ്ങളും അന്തരീക്ഷവും ഭൗതിക ചുറ്റുപാടുകളും ഉറപ്പുവരുത്തുന്നു.

2024 -25 വർഷത്തെ
സ്കൂൾ ഇന്നോവേഷൻ മാരത്തോൺ ശാസ്ത്ര പ്രോജക്ട് മത്സരത്തിൽ ദേശീയതലത്തിൽ തെരഞ്ഞെടുക്കപ്പെട്ടു

2024-2025 വർഷം LSS  മികച്ച വിജയം

സബ്ജില്ലാ കലാമേള മികച്ച വിജയം

സബ്ജില്ലാ സാമൂഹ്യ ശാസ്ത്രം, ഗണിതശാസ്ത്രം, ശാസ്ത്രം, പ്രവർത്തിപരിചയം മികച്ച വിജയം

പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്കരണ രീതികൾ അവലംബിക്കുന്നു.

പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം

കൃഷിയോടുള്ള താല്പര്യം വളർത്താൻ ഉതകുംവിധം പഠനതന്ത്രങ്ങൾ ആസൂത്രണം

പഠനപിന്നാക്കം നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നു

പഠനയാത്രകൾ ശിൽപശാലകൾ വിദഗ്ദരുടെ ക്ലാസ്സുകൾ തുടങ്ങി വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ

ജൈവ വൈവിധ്യ ഉദ്യാനം, പൂന്തോട്ടം അടുക്കളത്തോട്ടം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുക

ശാസ്ത്ര ലാബ് ഒരുക്കൽ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളിലേക്കു എത്തിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ

# തനത് പ്രവർത്തനങ്ങൾ

സമഗ്ര വികസന വിദ്യാഭ്യാസ പദ്ധതി നടപ്പാക്കൽ.

ഭാഷാശേഷി വികസനം: എല്ലാവരും വായിക്കുന്നു എല്ലാവരും എഴുതുന്നു.

ഇംഗ്ലീഷ് പഠനം - ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ

ശാസ്ത്ര പോഷണ പരിപാടി

ജൈവവൈവിധ്യ പാർക്ക് - ഒരുക്കൽ

പഠന യാത്രകൾ

അധ്യാപക ശാക്തീകരണം - സ്കൂൾ എസ് ആർ ജി തലം

കലാപരിപോഷണം

സാഹിത്യ ശിൽപശാലകൾ

ദിനാചരണം

ഗണിതശേഷി വികസനം

വായനശേഷി വർദ്ധിപ്പിക്കൽ

ലബോറട്ടറി ഒരുക്കൽ ശാസ്ത്രം

ലൈബ്രറി ശാക്തീകരണം

സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

സ്കൂൾ പത്രം

പ്രവർത്തി പരിചയ പരിശീലനം

പച്ചക്കറി തോട്ടം

ഹരിത ക്യാമ്പസ്.

പ്ലാസ്റ്റിക് മുക്ത ക്യാമ്പസ്.

# പ്രശ്നങ്ങൾ - വെല്ലുവിളികൾ

## അക്കാദമികം

മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം ഉറപ്പുവരുത്താൻ സാധിക്കുന്നില്ല

ഭിന്നനിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം

20% കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ല

മലയാളം ഇംഗ്ലീഷ് ഗണിതം എന്നി വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജിക്കാൻ സാധിക്കുന്നില്ല

## ഭൗതിക മേഖല

വിപുലമായ ഊട്ടുശാല

കല പ്രവർത്തി പരിചയ അധ്യാപകർ

സൗകര്യപ്രദമായ കെട്ടിടങ്ങൾ

ആവശ്യത്തിന് ശുചിമുറികൾ

## സാമൂഹിക തലം

പിടിഎ കളിലെ കുറഞ്ഞ പങ്കാളിത്തം

പ്രതീക്ഷിത സഹകരണം രക്ഷിതാക്കളിൽ നിന്നും സമൂഹത്തിൽ നിന്നും വിദ്യാലയത്തിന് ലഭിക്കുന്നില്ല

| Sl No. | Programme | Activity | |
|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ<br><br>അക്ഷരപ്പോ ERAW (Enhance Reading And Writing) | - അക്ഷരം ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- അക്ഷരകാർഡ് നൽകൽ<br>- വാക്കുകൾ എഴുതിയ കാർഡ്<br>- വാക്കുകൾ നിർമ്മിക്കുക<br>- വാക്യങ്ങൾ നിർമ്മിക്കുക.<br>- ചിത്രം – അടിക്കുറിപ്പ്<br>- ചിത്രം – കഥപറയൽ<br>- ചിത്രം – കഥ എഴുതൽ<br>- കഥ – ബാക്കി എഴുതൽ | ക്ലാസ് അധ്യാപിക/ അധ്യാപകൻ. |
| 2. | ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട communication skill വർധിപ്പിക്കൽ<br>Let's chat | | ക്ലാസ് അധ്യാപകൻ/ അധ്യാപിക. |